DESPATCHED On 14/02/2020

9.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No. 50(6)/2015/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.306/*എസ്.ഐ.സി-ജി 5/2015*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.കെ.കെ.പൊന്നൻ<br>വടക്കേ പറമ്പിൽ, വാർഡ്-8,<br>പാതിരാപ്പള്ളി പി.ഒ., ആലപ്പുഴ-688521. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്,<br>കാട്ടൂർ.പി.ഒ., കലവൂർ, ആലപ്പുഴ-688546,<br>.<br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,<br>ആലപ്പുഴ പഞ്ചായത്ത്, ആലപ്പുഴ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14/10/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/11/2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/11/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/11/2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05/01/2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/01/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/02/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/03/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 04/11/2019,28/11/2019,07/01/2020<br>വീഡിയോ കോൺഫറൻസ് ഹാൾ, കളക്ട്രേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം : അപ്പീൽ ഹർജിക്കാരൻ<br>(1-ാംഎതിർകക്ഷി): എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ.പൊന്നൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി ഒന്നും നൽകാത്തതിനാൽ അപ്പീൽ നൽകിയെന്നും അതിനുശേഷമാണ് വിവരങ്ങൾ ലഭിച്ചതെന്നും എന്നാൽ ടിയാന്റെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച് നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരങ്ങൾ ലഭ്യമല്ല എന്നാണെന്നും എന്നാൽ മേൽപ്പടി വിവരങ്ങൾ പഞ്ചായത്തിന്റെ അസ്സെറ്റ് രജിസ്റ്ററിൽ ഉണ്ടെന്നും ആയത് മനപൂർവ്വം നൽകാതിരിക്കുകയാണെന്നും 2-ാം ഇനം സംബന്ധിച്ചുള്ള വിവരം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്

i) മാരാരിക്കുളം തെക്കുപഞ്ചായത്തിൽ 8-ാം വാർഡിലൂടെ കടന്നു പോകുന്ന പഴയകാട്-രാജീവ് ജംഗ്ഷൻ റോഡിന്റെ നീളം, വീതി, റോഡിനായി സ്ഥലം വിട്ടു നൽകിയവരുടെ പൂർണ്ണ വിവരങ്ങൾ, വിട്ടുനൽകിയ സ്ഥലത്തിന്റെ അളവ് എന്നിവയും

ii) ടി റോഡിൽ പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണചട്ടം 2011(ചട്ടം 87) അനുസരിച്ച് കെട്ടിയ മതിലിന്റെയും വേലിയുടെയും പെർമിറ്റ് നമ്പർ അടക്കമുള്ള പൂർണ്ണവിവരങ്ങൾ നൽകണമെന്നുമാണ്

3. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച വിവരം ലഭ്യമല്ലെന്നും ചട്ടപ്രകാരം മതിൽ നിർമ്മാണത്തിന് പെർമിറ്റ് നൽകിയവരുടെ വിവരം നൽകുന്നു എന്നും രജിസ്റ്ററിൽ റോഡ്/വാർഡ് വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പാതിരപ്പള്ളി പോസ്റ്റ് ഓഫീസിന്റെ അതിർത്തിക്കുള്ളിലെ മതിൽ നിർമ്മാണത്തിന്റെ വിവരമാണ് നൽകുന്നതെന്നും ആണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി അപേക്ഷ നൽകി 37

RIGHT TO INFORMATION

ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു വിവരവും നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിശ്ചിതസമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലെങ്കിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങൾ വ്യക്തമായി പരിശോധിച്ച് 10 ദിവസങ്ങൾക്കകം മേൽപ്പടി വിവരങ്ങൾ സൗജന്യമായി ഹർജിക്കാരന് നൽകണമെന്നാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ പഴയകാട്-രാജീവ് ജംഗ്ഷൻ റോഡിനായി സ്ഥലം വിട്ടു നൽകിയവരുടെ വിവരം ലഭ്യമല്ലെന്നും മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും നൽകിയിട്ടുള്ളതാണെന്നും ഒന്നാം അപ്പീൽ അധികാരിയുടെ അപ്പീൽ ഉത്തരവിനുശേഷം 08/12/2014 തീയതി മറുപടി നൽകിയിരുന്നു എന്നും ടി മറുപടിയിലും ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച വിവരം ലഭ്യമല്ലെന്നാണ് അറിയിച്ചതെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 14/10/2014-ലെ അപേക്ഷയിന്മേൽ സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നില്ല എന്നു കാണുന്നു. 12/11/2014-ലെ മറുപടി സമയബന്ധിതമായി ഹർജിക്കാരനു അയച്ചു നൽകിയിരുന്നോ എന്നത് സംബന്ധിച്ച് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ടിയാന്റെ വിശദീകരണവും സമയബന്ധിതമായി മറുപടി അയച്ചു നൽകിയിരുന്നു എന്നു സ്ഥാപിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ക്മ്മീഷൻ ടിയാനെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകകഷിക്ക്

RIGHT TO INFORMATION

കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ പരാമർശിച്ചിട്ടുള്ള പഴയകാട്-രാജീവ് ജംഗ്ഷൻ റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്നു പുനപ്പരിശോധിക്കണമെന്നും ടി റോഡ് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ടി റോഡിന്റെ നീളം, വീതി എന്നീ വിവരങ്ങൾ ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 9-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

bm